(ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

എൽ. പി./യു. പി. അദ്ധ്യാപക നിയമനത്തിന് അംഗീകാരം

101 [653] ശ്രീ. കെ. മുഹമ്മദാലി:
,, കെ. എ. ചന്ദ്രൻ:
,, കെ. പി. വിശ്വനാഥൻ:
,, വർക്കല കഹാർ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് എൽ. പി., യു. പി. സ്കൂളുകളിൽ ഏത് തീയതി വരെ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്തിട്ടുണ്ട്;

(ബി) ഈ വർഷം അതിനുശേഷം നിശ്ചയിക്കപ്പെട്ട എൽ. പി., യു. പി. സ്കൂൾ അദ്ധ്യാപകരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്യാത്തത് എന്ത് കൊണ്ടാണ്;

(സി) പ്രസ്തുത കാലയളവിൽ നിയമിക്കപ്പെട്ടവർക്കുവേണ്ടി അഡീഷണൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടതുണ്ടോ;

(ഡി) എങ്കിൽ അവർക്കുവേണ്ടി അഡീഷണൽ പോസ്റ്റുകൾ സൃഷ്ടിച്ചുവോ;

(ഇ) പ്രസ്തുത പോസ്റ്റുകളിൽ നിയമിക്കപ്പെട്ടവരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ;

(എഫ്) 2003 ജൂലായ് 15-നോ അതിനുശേഷമോ എയ്ഡഡ് എൽ. പി., യു. പി. സ്കൂളുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്കു വേണ്ടി പുതിയ പോസ്റ്റുകൾ സൃഷ്ടിക്കേണ്ടതുണ്ടെങ്കിൽ അവ സൃഷ്ടിക്കുകയും അവരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്ത് അവർക്ക് വിനാവിളംബം ശമ്പളം കൊടുക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ, ബി) 2003-04 വരെയുള്ള അഡീഷണൽ ഡിവിഷൻ വേക്കൻസികളിലും ലീവ് വേക്കൻസികളിലും ഒഴിച്ചു മറ്റ് നിയമനങ്ങൾക്കൊന്നും അംഗീകാരം നൽകുന്നതിന് ഇപ്പോൾ നിയന്ത്രണമില്ല.

(സി—ഇ) അഡീഷണൽ ഡിവിഷൻ തസ്തിക അനുവദിക്കുന്നതിന് സർക്കാർ നിയന്ത്രണം നിലവിലുണ്ട്. അത് നീക്കം ചെയ്യുന്ന കാര്യം സജീവമായി പരിഗണിച്ചു വരുന്നു.

(എഫ്) ഇക്കാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly